നം. 475/2023/NSS തീയതി : 12.09.2025

## സർക്കുലർ

**വിഷയം:- പൊതുവിദ്യാഭ്യാസം - വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം - എൻ.എസ്.എസ്. പ്രവർത്തനങ്ങൾക്ക് കൈറ്റ് തയ്യാറാക്കിയ മാനേജ്മെന്റ് പോർട്ടൽ ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച്**

സൂചന:- കൈറ്റ്സി.ഇ.ഒ.യുടെ 11.09.2025 ലെ കൈറ്റ്/2025/1774 (5) നമ്പർ കത്ത്.

കേരളത്തിലെ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ നടപ്പിലാക്കിക്കൊണ്ടിരി ക്കുന്ന നാഷണൽ സർവീസ് സ്കീമിന്റെ (എൻ.എസ്.എസ്.) ഭരണപരമായ പ്രവർത്തനങ്ങൾ ഓൺലൈൻ ആക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിലെ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) www.vhsenss.kite.kerala.gov.in എന്ന പോർട്ടൽ നിർമിക്കുകയും സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കിക്കൊണ്ടിരിക്കുകയുമാണ്. 2025-26 അദ്ധ്യയന വർഷംമുതൽ എൻ.എസ്.എസ്.-ന്റെ പ്രവർത്തനങ്ങൾ ഓൺലൈൻ സംവിധാനത്തിലാക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. സംസ്ഥാനത്തെ എല്ലാ എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാർ, ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാർ എന്നിവർക്കും പ്രസ്തുത ഓൺലൈൻ സംവിധാനം ഫലപ്രദമായി ഉപയോഗിക്കുന്നതിന് പരിശീലനം നൽകുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനു മുള്ള വിശദാംശങ്ങൾ പുറപ്പെടുവിക്കുന്നു.

1. വൊക്കേഷണൽ ഹയർ സെക്കന്ററി എൻ.എസ്.എസ്. വിഭാഗത്തിന്റെ ആക്ഷൻപ്ലാൻ അനുസരിച്ചുള്ള ഓറിയന്റേഷൻ, കമ്മ്യൂണിറ്റി-ക്യാമ്പ് പ്രവർത്തനങ്ങൾ, മറ്റ് തനത് പ്രവർത്തനങ്ങൾ തുടങ്ങിയവയുടെ നടത്തിപ്പും വിലയിരുത്തലും 2025-26 മുതൽ www.vhsenss.kite.kerala.gov.in പോർട്ടൽ മുഖേന ആയിരിക്കും. ആയതിനാൽ എല്ലാ എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാർ, ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരും 2025 സെപ്റ്റംബർ മാസത്തിൽ കൈറ്റ് മുഖേന നടത്തുന്ന പ്രത്യേക പരിശീലനത്തിൽ പങ്കെടുക്കേണ്ടതാണ്.

2. എൻ.എസ്.എസ്.ന്റെ ജില്ലാ കോ-ഓർഡിനേറ്റർമാർ കൈറ്റ് ജില്ലാ കോ-ഓർഡിനേറ്റർമാരുമായി ആലോചിച്ച് പരിശീലനത്തിനുള്ള (ഓൺലൈൻ/നേരിട്ട്) ക്രമീകരണങ്ങൾ ഒരുക്കേണ്ടതാണ്.

3. എൻ.എസ്.എസ്. വോളണ്ടിയർമാരുടെ എല്ലാ യൂണിറ്റ് പ്രവർത്തനങ്ങളും അവയുടെ വിലയിരുത്തലും പോർട്ടൽ വഴി തന്നെ നടത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
4. എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാർ ക്യാഷ് ബുക്ക് ഒഴികെ മറ്റ് രജിസ്റ്ററുകൾ ഓൺലൈൻ സംവിധാനത്തിൽ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.
5. പോർട്ടൽ ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശങ്ങളും സ്കൂൾവിക്കിയിൽ ചിത്രങ്ങൾ അപ്‌ലോഡ് ചെയ്യാനുള്ള വിശദാംശങ്ങളും പോർട്ടലിൽ തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. അവ പരമാവധി പ്രയോജനപ്പെടുത്തേണ്ടതും ഏതെങ്കിലും വിധത്തിലുള്ള സാങ്കേതിക സഹായം ആവശ്യമെങ്കിൽ കൈറ്റിന്റെ ജില്ലാ ഓഫീസുമായി ബന്ധപ്പെടാവുന്നതുമാണ്.

**പ്രോഗ്രാം കോ-ഓർഡിനേറ്റർ**

എല്ലാ എൻ.എസ്.എസ്. യൂണിറ്റ് പ്രിൻസിപ്പൽമാർക്കും
എല്ലാ എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ/ജില്ലാ കോ-ഓർഡിനേറ്റർമാർക്കും

പകർപ്പ്:

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്
എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും